**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *455** **24.10.2016-ൽ മറുപടിക്ക്**

**ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) സ്കൂൾ കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കുന്നതിന് വിദ്യാർത്ഥികളെ മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നതിൽ നിന്ന് തടയുക എന്ന ലക്ഷ്യത്തോട് കൂടി ആരംഭിച്ച ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും വളരെ ജാഗ്രതയോടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. സാർവ്വദേശീയ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ റാലി, ഫോട്ടോ പ്രദർശനം, മാജിക് ഷോ, 'മയക്കു മരുന്നിനെതിരെ ഒരു നല്ല വാക്യം' മത്സരം, ചിത്രരചനാ മത്സരം, പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് കഞ്ചാവ്, പുകയില ഉൽപ്പന്നങ്ങൾ, പ്രത്യേകതരം ഗുളികകൾ, spray-കൾ തുടങ്ങി അതിനൂതനമായ മയക്കുമരുന്ന് വ്യാപനം നിലനിന്നിരുന്ന സ്ഥാനത്ത് ഇത്തരം വസ്തുക്കളുടെ കടത്തും വില്പനയും ശക്തമായ റെയ്ഡുകളിലൂടെ തടയുകയും മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിനെതിരെ വിദ്യാർത്ഥി പ്രതിജ്ഞയും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തുന്നതിനും കാമ്പസുകളെ ലഹരി വിമുക്തമാക്കുന്നതിനും പുതുതായി എന്ത് പദ്ധതിയാണ് ആവിഷ്കരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(ബി) & (സി) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും, കൗൺസിലിംഗുകളും നടത്തുകയും ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുക, വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പോലീസ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളും സ്റ്റുഡന്റ് പോലീസിന്റെ മാതൃകാപരമായ ഇടപെടലുകളും നടത്തിയത് ബോധവൽക്കരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കുമെതിരെ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ, ലഹരി ഉപഭോഗം വഴി കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും അതിലൂടെ ഉണ്ടായേക്കാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്ത്, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ